# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **117/2026** തിരുവനന്തപുരം, തീയതി : **09/06/2026**

## <u>പത്രക്കുറിപ്പ്</u>

### <u>കേരളസർവകലാശാലയിൽ 2026-27 അധ്യയനവർഷത്തേക്കുള്ള ബിരുദാനന്തര ബിരുദ (PG) പ്രവേശന നടപടികൾ ആരംഭിച്ചു</u>

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, സ്വാശ്രയ കോളേജുകളിലും യു.ഐ.റ്റി, ഐ.എച്ച്.ആർ.ഡി സെന്ററുകളിലും **2026-27** അധ്യയന വർഷത്തെ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. **2026** ജൂൺ **21** വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. ആയതിലേക്കായി സർവകലാശാല അഡ്മിഷൻ വെബ്സൈറ്റ് (**https://admissions.keralauniversity.ac.in/pg2026**) സന്ദർശിക്കുക.

കേരളസർവകലാശാലയ്ക്ക് കീഴിൽ പ്രവേശനം ആഗ്രഹിക്കുന്ന താഴെ പറയുന്ന വിഭാഗങ്ങളിൽപ്പെട്ട എല്ലാ വിദ്യാർത്ഥികളും ഏകജാലക സംവിധാനം വഴി അപേക്ഷിക്കേണ്ടതാണ്:

- ജനറൽ / സംവരണ വിഭാഗങ്ങൾ **(General / Reservation)**
- മാനേജ്മെന്റ് / സ്പോർട്സ് ക്വാട്ട **(Management / Sports quota)**
- ഭിന്നശേഷി / ട്രാൻസ്ജെൻഡർ **(PWD / Transgender)**
- ടി.എൽ.എം / ലക്ഷദ്വീപ് ക്വാട്ട **(TLM / Lakshadweep)**

പ്രത്യേക ശ്രദ്ധയ്ക്ക്: ഇന്ത്യൻ പൗരന്മാരായ വിദ്യാർത്ഥികൾക്ക് മാത്രമാണ് ഏകജാലക സംവിധാനം വഴി അപേക്ഷിക്കാനാകുക. ഒ.സി.ഐ **(OCI)** കാർഡ് ഉള്ളവരും വിദേശികളുമായ വിദ്യാർത്ഥികൾ ഈ സംവിധാനം വഴി അപേക്ഷിക്കേണ്ടതില്ല. ഒ.സി.ഐ **(OCI)** കാർഡ് ഉള്ളവരും വിദേശികളുമായ വിദ്യാർത്ഥികൾ അഡ്മിഷനായി സർവകലാശാലയുടെ **Centre for Global Academics (CGA)** സെക്ഷനുമായി ബന്ധപ്പെടേണ്ടതാണ്.

**ഓപ്ഷനുകൾ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

- വിദ്യാർത്ഥികൾക്ക് പരമാവധി **20** ഓപ്ഷനുകൾ വരെ തിരഞ്ഞെടുക്കാം.
- കോഴ്സുകളെക്കുറിച്ചുള്ള വിവരങ്ങൾ അതാത് കോളേജ് വെബ്സൈറ്റുകളിൽ ലഭ്യമാണ്. ഇത് കൃത്യമായി പരിശോധിച്ച ശേഷം മാത്രം കോളേജുകൾ തിരഞ്ഞെടുക്കുക.

- വിദ്യാർത്ഥികൾ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളും പ്രോഗ്രാമുകളും മാത്രം മുൻഗണനാക്രമത്തിൽ **(Priority Order)** നൽകാൻ പ്രത്യേകം ശ്രദ്ധിക്കുക.
- അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം, തുടർന്നുള്ള അലോട്ട്മെന്റുകളിൽ അവരെ പരിഗണിക്കുന്നതല്ല.

പരാതിരഹിതമായ ഓൺലൈൻ രജിസ്ട്രേഷൻ ലക്ഷ്യമിടുന്നതിനാൽ വിദ്യാർത്ഥികൾ അതീവശ്രദ്ധയോടെയും കൃത്യതയോടെയും രജിസ്ട്രേഷൻ നടപടികൾ (മാർക്ക് എൻട്രി) ഉൾപ്പെടെ പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് നൽകുന്ന മൊബൈൽ ഫോൺ നമ്പർ പ്രവേശനനടപടികൾ അവസാനിക്കുന്നത് വരെ ഒരുകാരണവശാലും മാറ്റരുത്.

ഫീസും മറ്റ് നിർദ്ദേശങ്ങളും:

- രജിസ്ട്രേഷൻ ഫീസ്: പൊതുവിഭാഗത്തിന് **1000/-** രൂപ, എസ്.സി/എസ്.ടി **(SC/ST)** വിഭാഗത്തിന് **550/-** രൂപ.
- ഓൺലൈനായി അപേക്ഷിച്ച ശേഷം അതിന്റെ പ്രിന്റൗട്ട് സർവകലാശാലയിലേക്കോ കോളേജുകളിലേക്കോ അയക്കേണ്ടതില്ല.
- അപേക്ഷയുടെ പ്രിന്റ് ഔട്ടും ഫീസടച്ചതിന്റെ രസീതും **(Fee Receipt)** അലോട്ട്മെന്റ് ലഭിച്ച് കോളേജിൽ പ്രവേശനം നേടുന്ന സമയത്ത് ഹാജരാക്കിയാൽ മതിയാകും.
- ഓൺലൈൻ പേയ്മെന്റ് മാത്രം: എല്ലാ ഫീസുകളും അവരവരുടെ പ്രൊഫൈലിൽ നിന്ന് ഓൺലൈൻ വഴി മാത്രമേ അടയ്ക്കാൻ സാധിക്കൂ.
- ഡി.ഡി, ചെക്ക്, ചലാൻ, **KU-Epayment etc**. എന്നിവ സ്വീകരിക്കുന്നതല്ല.
- റീഫണ്ട് ലഭിക്കില്ല: തെറ്റായി ഒടുക്കുന്ന ഫീസുകൾ പിന്നീട് റീഫണ്ട് ചെയ്യുന്നതല്ല.
- രസീത് സൂക്ഷിക്കുക: ഫീസടച്ച ശേഷം ലഭിക്കുന്ന രസീത് **(Fee Receipt)** ഭാവി ആവശ്യങ്ങൾക്കായി നിർബന്ധമായും സൂക്ഷിച്ചുവെക്കുക.

കൂടുതൽ വിവരങ്ങൾക്ക്:

അഡ്മിഷനുമായി ബന്ധപ്പെട്ട പുതിയ അപ്ഡേറ്റുകൾക്കായി സർവകലാശാലയുടെ പത്രക്കുറിപ്പുകളും ഔദ്യോഗിക വെബ്സൈറ്റും പരിശോധിക്കുക

പ്രോസ്പെക്ടസ് വായിച്ചതിന് ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ നടപടികളിലേക്ക് കടക്കുക.
വെബ്സൈറ്റ് ലിങ്ക്: **https://admissions.keralauniversity.ac.in/pg2026**. ഹെൽപ്പ് ലൈൻ നമ്പർ : **8281883052, 8281883053, 8281883052 (Whatsapp)**, ഇ-മെയിൽ : **ach@keralauniversity.ac.in**.

## കേരളസർവകലാശാല ഒന്നാം വർഷ ബിഎഡ് പ്രവേശനം - 2026

കേരളസർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/സ്വാശ്രയ/കെ യു സി റ്റി ഇ കോളേജുകളിലേക്കുള്ള 2026-27 അധ്യയന വർഷത്തിലെ ബിഎഡ് കോഴ്സുകളുടെ ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

കേരളസർവകലാശാലയുടെ കീഴിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും **(General/Reservation/Management/Sports quota/ PWD/ Transgender/ TLM/Lakshadweep** ഉൾപ്പെടെ) ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഓൺലൈൻ രജിസ്ട്രേഷൻ 2026 ജൂൺ 8 ന് ആരംഭിക്കുന്നതും 2026 ജൂൺ 19 ന് അവസാനിക്കുന്നതുമാണ്. ഓൺലൈൻ രജിസ്ട്രേഷന്റെ അവസാന തീയതി വരെ അപേക്ഷയിലെ തെറ്റുകൾ തിരുത്താവുന്നതാണ്.

വിദ്യാർത്ഥികൾക്ക് 20 ഓപ്ഷൻ വരെ സെലക്ട് ചെയ്യാവുന്നതാണ്. ഓപ്ഷൻ കൊടുത്ത കോളേജുകളിലേക്ക് അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ നിർബന്ധമായും പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം തുടർന്നുവരുന്ന അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതല്ല. പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളും പ്രോഗ്രാമുകളും മാത്രം മുൻഗണന ക്രമത്തിൽ തെരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തതിനുശേഷം അപേക്ഷയുടെ പ്രിന്റൗട്ട് കോളേജുകളിലേക്കോ സർവ്വകലാശാലയിലേക്കോ അയക്കേണ്ടതില്ല. അപേക്ഷയുടെ പ്രിന്റൗട്ടും ഫീസടച്ചതിന്റെ രസീതും പ്രവേശന സമയത്ത് അതാത് കോളേജുകളിൽ ഹാജരാക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് 1000/- (SC/ST വിഭാഗത്തിന് 550/- ) രൂപയാണ്.

ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും ഓൺലൈൻ മുഖാന്തിരം അടക്കേണ്ടതാണ്. ഡി.ഡി, ചെക്ക്, മറ്റു ചെലാനുകൾ തുടങ്ങിയവ മുഖേനെയുള്ള പേയ്മെന്റുകൾ സ്വീകരിക്കുകയോ റീഫണ്ട് ചെയ്യുകയോ ചെയ്യുന്നതല്ല. ഫീസ് അടച്ച രസീത് നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. തെറ്റായി ഒടുക്കുന്ന ഫീസുകൾ റീഫണ്ട് ചെയ്യപ്പെടുന്നതല്ല.

അഡ്മിഷൻ സംബന്ധിച്ചുള്ള അതാതു സമയങ്ങളിലെ വിവരങ്ങൾക്ക് സർവകലാശാല പത്രകുറിപ്പുകളും അഡ്മിഷൻ വെബ്സൈറ്റും (https://admissions.keralauniversity.ac.in/bed2026) ശ്രദ്ധിക്കേണ്ടതാണ്.

ഹെൽപ്പ് ലൈൻ നമ്പർ : **8281883053 (Whatsapp also)**, ഇമെയിൽ: **bedadmission@keralauniversity.ac.in**.

## പരീക്ഷാഫലം

കേരളസർവകലാശാല 2026 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബിഎസ്സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (328), ബാച്ചിലർ ഓഫ് സോഷ്യൽ വർക്ക് (315), ബികോം കൊമേഴ്സ് ആന്റ് ടാക്സ് പ്രൊസീജിയർ ആന്റ്

പ്രക്ടീസ്, ബികോം കൊമേഴ്സ് ആന്റ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ്, ബിഎ ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (133) (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2023 അഡ്മിഷൻ, സപ്ലിമെന്ററി – **2021 &** 2022 അഡ്മിഷൻ, മേഴ്സിചാൻസ് – 2013, 2017, 2018 **&** 2020 അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ജൂൺ 30 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബികോം കൊമേഴ്സ് ആന്റ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് (338) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബിബിഎ ലോജിസ്റ്റിക്സ് (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021 **&** 2022 അഡ്മിഷൻ, മേഴ്സിചാൻസ് – 2020 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ജൂൺ 30 വരെ അപേക്ഷിക്കാം വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാലയുടെ ഏഴാം സെമസ്റ്റർ പഞ്ചവർഷ എംബിഎ (ഇന്റഗ്രേറ്റഡ്) (2022 സ്കീം - റെഗുലർ - 2022 അഡ്മിഷൻ), (2015 സ്കീം – സപ്ലിമെന്ററി - 2018 - 2021 അഡ്മിഷൻ വരെ), ജൂലൈ 2026 പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ 2026 ഫെബ്രുവരിയിൽ നടത്തിയ എട്ടാം സെമസ്റ്റർ ബിടെക് (2018 സ്കീം – സപ്ലിമെന്ററി – 2019 അഡ്മിഷൻ, മേഴ്സിചാൻസ് - 2018 അഡ്മിഷൻ) പ്രാക്ടിക്കൽ പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാലയിലെ ജർമ്മൻ പഠന വിഭാഗം നടത്തുന്ന ജർമ്മൻ **B1** **(Deutsch B1)** ഷോർട്ട് ടേം കോഴ്സിനായി അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത : പ്ലസ്ടു **&** ജർമ്മൻ **A2** (കേരള സർവകലാശാല)/കേരളസർവകലാശാല അംഗീകരിച്ച യോഗ്യത, കോഴ്സ് ഫീസ് : 15000/-, യോഗ്യത : 120 മണിക്കൂർ, സമയം : 7.30 **am** - 9.00 **am (**തിങ്കൾ മുതൽ വെള്ളി), ആകെ സീറ്റുകൾ : 30, മിനിമം അപേക്ഷകൾ : 10, അപേക്ഷാഫീസ് 105/- രൂപയും രജിസ്ട്രേഷൻ ഫീസ് 105/- രൂപയുമാണ്. അപേക്ഷാഫോം ജർമ്മൻ വിഭാഗത്തിന്റെ **(University)** വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. **(https://www.keralauniversity.ac.in/dept/dept-home)**

പൂരിപ്പിച്ച അപേക്ഷകൾ 30.06.2026 വൈകുന്നേരം 4.00 മണിക്ക് മുമ്പായി പാളയം ക്യാമ്പസിലെ സെനറ്റ് ഹൗസിൽ പ്രവർത്തിക്കുന്ന ജർമ്മൻ പഠന വിഭാഗത്തിൽ സമർപ്പിക്കണം.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**